"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - വികേന്ദ്രീകൃതാസൂത്രണ സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് - അനൗദ്യോഗിക അംഗങ്ങളുടെ ഹോണറേറിയം നിശ്ചയിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.566/2022/LSGD തീയതി,തിരുവനന്തപുരം, 09-03-2022

---

പരാമർശം:-

1. 01.11.2017 ലെ സ.ഉ (സാധാ) നം. 3526/2017/ത.സ്വ.ഭ.വ
2. 20.10.2021 ലെ സ.ഉ (കൈ) നം. 237/2021/ത.സ്വ.ഭ.വ
3. 01.12.2021 ലെ സ.ഉ (സാധാ) നം. 2448/2021/ത.സ്വ.ഭ.വ
4. കില ഡയറക്ടർ ജനറലിന്റെ 10.01.2022 ലെ കില/2021/177/HQ/T2 നമ്പർ കത്ത്
5. സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് ചെയർമാന്റെ 11.02.2022 ലെ 303/2021/SRG/CC നമ്പർ കുറിപ്പ്

**ഉത്തരവ്**

വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല റിസോഴ്സ് ഗ്രൂപ്പ് പുന:സംഘടിപ്പിച്ചു കൊണ്ട് പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല റിസോഴ്സ് ഗ്രൂപ്പിൽ അനൗദ്യോഗിക അംഗങ്ങളായി 5 പേരെക്കൂടി ഉൾപ്പെടുത്തി പരാമർശം (3) പ്രകാരവും ഉത്തരവായിരുന്നു.

2. അനൗദ്യോഗിക അംഗങ്ങളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള പരാമർശം (3) ഉത്തരവിൽ അവരുടെ പ്രതിമാസ ഹോണറേറിയം നിശ്ചയിച്ചു നൽകിയിട്ടില്ലായെന്നും മുമ്പ് എസ്.ആർ.ജി. യിലെ അനൗദ്യോഗിക അംഗങ്ങൾക്ക് 35000 രൂപ പ്രതിമാസ ഹോണറേറിയം പരാമർശം (1) പ്രകാരം നിശ്ചയിച്ചുനല്കിയിരുന്നെന്നും സമാന രീതിയിൽ എസ്.ആർ.ജി. യിലെ അനൗദ്യോഗിക അംഗങ്ങൾക്ക് ഹോണറേറിയം നിശ്ചയിച്ചു നൽകണമെന്നും കില ഡയറക്ടർ ജനറൽ പരാമർശം (4) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്. എസ്.ആർ.ജി. യിലെ മുഴുവൻ സമയ അനൗദ്യോഗിക അംഗങ്ങൾ വളരെ സജീവമായി എസ്.ആർ.ജി. യുടെ പ്രവർത്തനങ്ങളിൽ ഇടപെടുന്നുണ്ടെന്നും സംസ്ഥാനതല പ്രവർത്തനപരിധിയുള്ള ഈ 5 അംഗങ്ങളുടെയും ജോലി സ്വഭാവം സമാനമാണെന്നും 2017 ന ശേഷം സർക്കാർ ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുള്ള സാമ്പത്തികാനുകൂല്യങ്ങൾ കൂടി കണക്കിലെടുത്ത് പ്രതിമാസ ഹോണറേറിയം അനുവദിച്ചു നൽകണമെന്നും സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് ചെയർമാൻ പരാമർശം (5) പ്രകാരം ശിപാർശ ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല റിസോഴ്സ് ഗ്രൂപ്പിൽ പരാമർശം (3) ഉത്തരവ് പ്രകാരം ഉൾപ്പെടുത്തിയിട്ടുള്ള അനൗദ്യോഗിക

അംഗങ്ങൾക്ക് തുടർന്നും 35000 രൂപ നിരക്കിൽ പ്രതിമാസ ഹോണറേറിയം നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ് മുഖാന്തരം)
മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
ഡയറക്ടർ ജനറൽ, കില
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
**Signed by Sureshkumar K**
**Date: 10-03-2022 10:44:36**

സെക്ഷൻ ഓഫീസർ

പകർപ്പ്:-
ബഹു. തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും എക്സൈസും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്